LIBRARY ARCHIVES Kerala Legislative Assembly

കോട്ടക്കൽ വനിതാ സ്പോർട്സ് അക്കാഡമി

315 (2144) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം മണ്ഡലത്തിലെ കോട്ടക്കൽ വനിതാ സ്പോർട്സ് അക്കാഡമി യാഥാർത്ഥ്യമാക്കാനാകാത്ത സാഹചര്യത്തിൽ ഇതിനായി സായ് അധികൃതർക്കു വിട്ടുനൽകിയ ഭൂമിയിൽ സംസ്ഥാന സ്പോർട്സ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ പൊതുകായിക അക്കാദമി ആരംഭിക്കുന്നകാര്യം പരിഗണിക്കുമോ; ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

കൊല്ലം ജില്ലയിലെ ചടയമംഗലത്ത് സായിയുടെ ആഭിമുഖ്യത്തിൽ ഒരു മൾട്ടി സ്പോർട്സ് അക്കാഡമി സ്ഥാപിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ സമ്മതം 29-8-2014 -ലെ 804/എ 2/2010/കാ.യു.വ. കത്ത് പ്രകാരം കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിൽനിന്നും ഇതു സംബന്ധിച്ച തുടർ നടപടികൾ ആരംഭിച്ചിട്ടില്ല.

കേരള സംസ്ഥാന ഫിലിം ഡവലപ്മെന്റ് കോർപ്പറേഷൻ

316 (2145) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ വരുമാന മാർഗ്ഗങ്ങൾ എന്തൊക്കെയാണ് ; 2005 ഏപ്രിൽ മുതൽ 2015 നവംബർ വരെ തീയേറ്ററുകളിൽ നിന്നുള്ള വരുമാനം എത്ര രൂപയാണ് ; വർഷം, തീയേറ്ററുകൾ എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) 2005 ഏപ്രിൽ മുതൽ 2015 നവംബർ വരെയുള്ള സ്റ്റുഡിയോ വരുമാനം എത്ര രൂപയാണെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) 2005 ഏപ്രിൽ മുതൽ 2015 നവംബർ വരെയുള്ള മറ്റ് വരുമാനം എത്ര രൂപയാണെന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ ;

(ഡി) കോർപ്പറേഷന്റെകീഴിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും ഇവരുടെ ശമ്പള ഇനത്തിൽ പ്രതിമാസം എത്ര രൂപ ചെലവഴിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിയേറ്റർ വരുമാനം, സ്റ്റുഡിയോ വരുമാനം, പാരസ്യവരുമാനം, ഡോക്യുമെന്ററി വരുമാനം, പാർക്കിംഗ് & ക്യാന്റീൻ വരുമാനം, തിയേറ്ററുകളിൽ നിന്നും കിട്ടുന്ന സർവ്വീസ് ചാർജ്ജ് എന്നിവയാണ് കേരള സംസ്ഥാന ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ വരുമാന മാർഗ്ഗങ്ങൾ. 2005 ഏപ്രിൽ മുതൽ 2015 നവംബർവരെ തിയേറ്ററുകളിൽ നിന്നുള്ള വരുമാനം 49,82,89,237.50 രൂപയാണ് വർഷം തിയേറ്ററുകൾ എന്നിവ തിരിച്ചുള്ള വരുമാനം അനുബന്ധം 1* ആയി ചേർക്കുന്നു.

(ബി) 2005 ഏപ്രിൽ മുതൽ 2015 നവംബർവരെയുള്ള സ്റ്റുഡിയോ വരുമാനം 21,38,98,828.26 രൂപയാണ്. വർഷം തിരിച്ചുള്ള കണക്ക് അനുബന്ധം 2* ആയി ചേർക്കുന്നു.

(സി) 2005 ഏപ്രിൽ മുതൽ 2015 നവംബർ വരെയുള്ള മറ്റു വരുമാനം 25,70,48,728.68 രൂപയാണ്. വർഷം തിരിച്ചുള്ള കണക്ക് അനുബന്ധം 3* ആയി ചേർക്കുന്നു.

(ഡി) കോർപ്പറേഷന്റെ കീഴിൽ 174 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. അവർക്ക് ശമ്പള ഇനത്തിൽ പ്രതിമാസം 52,06,757 രൂപ ചെലവഴിക്കുന്നുണ്ട്.

ഒറ്റപ്പാലത്ത് ഫിലിംസിറ്റി

317 (2146) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് ഫിലിംസിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഫിലിംസിറ്റി സ്ഥാപിക്കുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഫിലിംസിറ്റിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുവോ ; ഇല്ലെങ്കിൽ എന്നാരംഭിക്കുവാൻ കഴിയും ; വിശദമാക്കുമോ വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഫിലിംസിറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യന്ത്രി എത്ര പ്രാവശ്യം യോഗം വിളിച്ചിട്ടുണ്ട്; യോഗതീരുമാനങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശം ലഭ്യമാക്കുമോ; യോഗതീരുമാനങ്ങൾ നടപ്പിലാക്കിയോ ; വിശദാംശം ലഭ്യമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.